ഓം നമ:ശിവായ

# തലോർ ശ്രീ മഹാദേവക്ഷേത്രം

തലോർ, തൃശ്ശൂർ-680306



## കർപ്പൂരാദി

# നവീകരണ കലശം

1198 മേടമാസം 6 വ്യാഴം മുതൽ 16 ഞായർ കൂടി (2023 ഏപ്രിൽ 20 മുതൽ 30 കൂടി)

പ്രതിഷ്ഠാ മുഹൂർത്തം: 1198 മേടം 13 വ്യാഴം (2023 ഏപ്രിൽ 27)
7.30നും 9.20നും മദ്ധ്യേ പൂയ്യം നക്ഷത്രം എടവം രാശി

കർപ്പൂരാദി

# നവീകരണ കലശം

1198 മേടമാസം 6 വ്യാഴം മുതൽ 16 ഞായർ കൂടി
(2023 ഏപ്രിൽ 20 മുതൽ 30 കൂടി)

## കലശത്തിന് സമർപ്പിക്കാവുന്ന വഴിപാടുകൾ

1. ഒരു ദിവസത്തെ കലശ ചിലവ്........1,00,000
2. കലശം തന്ത്രി ദക്ഷിണ................. 50,000
3. പൂജാപുഷ്പങ്ങൾ, ഒരു പറ പൂവിന് .... 1001
4. ബ്രഹ്മകലശം ( ഒരു കലശം)............. 5001
5. തത്വകലശം ( ഒരു കലശം)................ 2501
6. തത്വഹോമം ................................ 3001
7. ശാന്തിഹോമം.............................. 3001
8. ചോരശാന്തിഹോമം........................ 3001
9. പരികലശങ്ങൾ............................ 251
10. നിദ്രാകലശം............................. 2501
11. ജീവകലശം................................ 2501
12. ഒരു കലശകുടം സമർപ്പണം............. 1001
13. സ്വർണ്ണ സാധനങ്ങൾ
    (പവിത്ര മോതിരം (1.5 ഗ്രാം)............. 8001
    (നവരത്ന മോതിരം ...................... 12001
14. ഒരു ദിവസത്തെ ദ്രവ്യ സമർപ്പണം...... 10001
15. കലശദ്രവ്യം നിറയ്ക്കൽ
    എണ്ണ സമർപ്പണം ................. 1 ടിൻ 3001
    നെയ് സമർപ്പണം............... 5 കിലോ 3001
    തേൻ സമർപ്പണം .........................1501
16. നവരത്ന കല്ലുകൾ സമർപ്പണം ....... 10001
17. പഞ്ചലോഹ സമർപ്പണം
    (സ്വർണ്ണം, വെള്ളി, ചെമ്പ്, ഇരുമ്പ്, ഈയം)...2001
18. വസ്ത്ര സമർപ്പണം ...................... 2501
19. നിവേദ്യ വസ്തുക്കൾ സമർപ്പണം: ഉണക്കലരി
    ശർക്കര, പഞ്ചസാര, അവിൽ, മലർ, എള്ള് ... 2501
20. പീഠം വിരിക്കുവാൻ നെല്ല് ..............5001
21. 1 സെറ്റ് പൂജാപാത്രം സമർപ്പണം....... 5001
22. വിളക്ക് സമർപ്പണം ..................... 5001
23. ചെമ്പ് (2 എണ്ണം)........................ 5001
24. ദേവന്റെ ശയ്യ സമർപ്പണം ............. 2501
25. കദളിപ്പഴം.................................1001
26. മുളദ്രവ്യങ്ങൾ............................ 1001
27. അഷ്ടമംഗലങ്ങൾ.........................3001
28. ഫലങ്ങൾ....................................501
29. ചമത, ദർഭ മുതലായവ...................1001
30. പരിവാര പ്രതിഷ്ഠ (വലിയ ബലിക്കല്ല്)...12001
31. പരിവാര പ്രതിഷ്ഠ (ബലിക്കല്ല്).......... 2001
32. മുറജപം................................ 10001

## സ്പോൺസർ ചെയ്യാവുന്ന പരിപാടികൾ

കലശ പന്തൽ...25000, കലാപരിപാടികൾ...10000
ഭക്ഷണം ഒരു ദിവസം....6000, പുഷ്പാലങ്കാരം.....10000
സ്റ്റേജ്......5000, ദീപാലങ്കാരം....10000

## തലോർ ശ്രീമഹാദേവക്ഷേത്രം

തൃശൂർ ജില്ലയിലെ തലോർ എന്ന ഗ്രാമത്തിൽ സ്ഥിതിചെയ്യുന്ന ശ്രീമഹാദേവക്ഷേത്രം, നൂറ്റാണ്ടുകൾ പഴക്കം ചെന്നതാണെന്ന് പറയപ്പെടുന്നു. ക്ഷേത്രവും ക്ഷേത്രത്തിലെ ആത്മീയമായ അന്തരീക്ഷവും, ക്ഷേത്രക്കുളവും എന്നും പ്രായഭേദമന്യേ ഭക്തജനങ്ങളുടെ മനസ്സിന് ചൈതന്യവത്തായ ഓജസ്സ് പകർന്നുകൊണ്ടിരിക്കുന്നു. ധനുമാസത്തിൽ അശ്വതി മുതൽ പുണർതം വരെ തിരുവാതിര പുണർതം തിരുവുത്സവവും, കുംഭമാസത്തിലെ ശിവരാത്രിയും, കന്നിമാസത്തിലെ നവരാത്രിയും, പോത്തോട്ടവും ഈ ക്ഷേത്രത്തിലെ പ്രധാന ആഘോഷ ഉത്സവങ്ങളായി നടന്ന് വരുന്നു.

കടലാശേരി ഊമമ്പിള്ളി മനയുടെ ഊരായ്മയിൽ ഉള്ള ഈ മഹാക്ഷേത്രത്തിന്റെ തന്ത്രം എളങ്ങല്ലൂർ മനയുടെ നിക്ഷിപ്താധികാരപരിധിയിലാണ്. തന്ത്രിമാരുടെ നിർദ്ദേശങ്ങളനുസരിച്ച് ക്ഷേത്രാചാരചിട്ടകളോടുകൂടി ഭരണകാര്യങ്ങൾ നിർവ്വഹിക്കുന്ന ശിവക്ഷേത്ര സേവാസമിതിയും, സമിതിയുടെ കീഴിലുള്ള മാതൃസംഘടനയായ ശിവ – പാർവ്വതി മാതൃസമിതിയും കൂടാതെ എല്ലാ ഭക്തജനങ്ങളുടെയും നിസ്വാർത്ഥതയും, ആത്മാർത്ഥ സഹകരണവും എന്നും മഹത്തരമാണ്.

ക്ഷേത്രത്തിലെ പ്രധാന പ്രതിഷ്ഠകളായ ശിവനും, ശങ്കരനാരായണനും ശ്രീപാർവ്വതിയും ഉപദേവതകളായ ഗണപതിയും, ശാസ്താവും, ഭദ്രകാളിയും, നാഗപ്രതിഷ്ഠയും ഈ ക്ഷേത്രത്തിന്റെ ശക്തി വൈഭവം അതിന്റെ പാരമ്യതയിലെത്തിക്കുന്നു.

2018 ഒക്ടോബർ 24,25,26 എന്നീ ദിവസങ്ങളിൽ, ബ്രഹ്മശ്രീ. താഴേക്കാട് പത്മനാഭശർമ്മയുടെ നേതൃത്വത്തിൽ അഷ്ടമംഗല പ്രശ്നം നടത്തുകയും, വിധിപ്രകാരം പ്രശ്നപരിഹാരങ്ങളും വിളിച്ചു ചൊല്ലി പ്രായശ്ചിത്തവും, ക്ഷേത്രത്തിന്റെ ജീർണ്ണാവസ്ഥയും അടക്കമുള്ള പരിഹാരകർമ്മങ്ങൾ പൂർണ്ണതയിൽ ആയതിനെ തുടർന്ന് നടത്തേണ്ടതായിട്ടുള്ള നവീകരണകലശം, 2023 ഏപ്രിൽ 20 മുതൽ 30 വരെ (1198 മേടം 6 മുതൽ 16 കൂടി) നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു.

വേദാതി കർമ്മമാർഗ്ഗത്തിൽ നിന്നും യാഗാദികളും അതിൽനിന്ന് യജ്ഞാദികളും ചിട്ടപ്പെടുത്തി ഇതുകളുടെ പരമമായ ലക്ഷ്യം "ജ്ഞാനദേവതു കൈവല്യം" അറിവാണ് മോക്ഷം എന്ന് ശ്രുതി വചനം അറിവിനായി സ്ഥൂലം, സൂഷ്മം, പരം എന്നീ ത്രിവിധോപാസനകൾ ഉണ്ടായി. അതിൽ സ്ഥൂലോപാസനയുടെ പൂർണ്ണരൂപമാണ് ക്ഷേത്രം.

ഓരോ വ്യാഴവട്ടകാലങ്ങളിലും നവീകരണവും, വിധിപ്രകാരമുള്ള അനുബന്ധചടങ്ങുകളും അനുഷ്ഠിക്കേണ്ടതുണ്ട്. ദേവാദികളാലും, ഋഷീശ്വരന്മാരാലും പ്രതിഷ്ഠിക്കപ്പെട്ടതെന്ന് വിശ്വസിക്കുന്ന ക്ഷേത്രങ്ങളിൽ ഈ കാലഘട്ടത്തിൽ നവീകരണം ആവശ്യമില്ലെങ്കിലും ദേവഹിതമറിയുവാനുള്ള ക്ഷയഹേതുകമായ ദുർനിമിത്തങ്ങളും മറ്റും വിധിച്ചു കഴിഞ്ഞാൽ അഷ്ടമംഗല വിധികളിൽ തന്ത്രി മുഖമായി നവീകരണം നിശ്ചയമായും നിർവ്വഹിക്കേണ്ടതുണ്ട്.

കർപ്പൂരാദി

# നവീകരണ കലശം

1198 മേടമാസം 6 വ്യാഴം മുതൽ 16 ഞായർ കൂടി
(2023 ഏപ്രിൽ 20 മുതൽ 30 കൂടി)

## തലോർ ശ്രീമഹാദേവക്ഷേത്രം

സഹസ്രാബ്ദങ്ങൾ പഴക്കമുള്ളതും ഒരുകാലത്ത് യാഗഭൂമിയായിരുന്നതുമായ നമ്മുടെ ക്ഷേത്രത്തിൽ മുൻകാലങ്ങളിൽ നടത്തിയ അഷ്ടമംഗല പ്രശ്നവിധിയനുസരിച്ചുള്ള നവീകരണ കലശം, പൂർവ്വസൂരികളുടെ കാലഘട്ടത്തിൽ മാത്രം നിർവഹിച്ചതാണ്. ഒരു വ്യാഴവട്ടമായി നമ്മൾ ക്ഷേത്ര ത്തിൽ നിർവ്വഹിച്ചുവന്ന യജ്ഞമായ ഭാഗവത സപ്താഹങ്ങളുടേയും, പൂജാസമർപ്പണാധികളുടേയും ഐശ്വര്യമാവാം നമ്മൾക്ക് ഈ വലിയ സംരംഭത്തിന് വഴിയൊരുക്കിയതെന്ന കാര്യം നിസ്തർക്കമാണ്. പ്രശ്നവിധിയാൽ തെളിഞ്ഞ പ്രകാരം ക്ഷേത്രത്തിന്റെ പ്രധാനമായ ശ്രീകോവിലിന്റെ ഉൾവശം ഔഷധ സസ്യങ്ങൾ അരച്ചുചേർത്തി ഉണ്ടാക്കിയ വള്ളിക്കൂട്ട് (കുമ്മായക്കൂട്ട്) കൊണ്ടുള്ള തേപ്പ് പണികൾ, ഓവ്, വലിയബലിക്കല്ല്, വലിയമ്പലം, ചുറ്റമ്പലം എന്നിവയുടെ ജീർണ്ണത പരിഹരിച്ച് പുനഃരുദ്ധാരണം നടത്തുകയുണ്ടായി. സദസ്യൻ ബ്രഹ്മശ്രീ മണ്ണാറശാല സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ മുഖ്യ കാർമികത്വത്തിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന നവീകരണ കലശം വരുന്ന ഉത്തരായ നാരംഭത്തിൽ 1198 മേടമാസം 6 വ്യാഴം മുതൽ 16 ഞായർ കൂടി (2023 ഏപ്രിൽ 20 മുതൽ 30കൂടി). 1198 മേടം 13 വ്യാഴം (2023 ഏപ്രിൽ 27) 7.30നും 920.നും മദ്ധ്യേ പൂയ്യം നക്ഷത്രം എടവം രാശിയി ലാണ് പ്രതിഷ്ഠ നിർവ്വഹിക്കുന്നത്.

ഈ കർമ്മങ്ങളിൽ ഭാഗഭാക്കാവുന്നത് നാം ഓരോരുത്തരുടേയും ജന്മസാഫല്യമാണ്. ശ്രീ മാഹാദേൻ, ശങ്കരനാരായണൻ, ശ്രീപാർവ്വതി മറ്റ് ഉപദേവീ ദേവന്മാരുടേയും അനുഗ്രഹവും ഇതോടൊപ്പം ഏവർക്കും വന്നുചേരട്ടെ. അതിവിശിഷ്ടമായ ഈ ചടങ്ങിന് ഏറെ നാളത്തെ അശ്രാന്ത പരിശ്രമവും, ദുർലഭമായതും വിലപിടിപ്പുള്ളതുമായ അനേകം സാധനസാമഗ്രികളും, അധികധനം സ്വരൂപിക്കേ ണ്ടതും ആവശ്യമായുണ്ട്.

ഭക്തിജ്ഞാനത്തിന്റെയും, വ്യക്തിത്വ നവീകരണത്തിന്റെയും അന്തസത്തയിൽ ഊന്നിയുള്ള ഈ കർമ്മങ്ങളിൽ എല്ലാ സജ്ജനങ്ങളായ നാട്ടുകാരെയും, ബന്ധുജനങ്ങളെയും ഭഗവത് കൃപാകടാക്ഷ ത്തിനായി സാദരം ക്ഷണിച്ചുകൊള്ളുന്നു.

ശിവക്ഷേത്ര സേവാസമിതിക്കു വേണ്ടി


| പ്രസിഡന്റ് | സെക്രട്ടറി | ഖജാൻജി |
|---|---|---|
| ശ്രീ ഇ . പി. നാരായണൻ നമ്പൂതിരി | ശ്രീ സി.ദേവദാസ് | ശ്രീ സി. വിശ്വനാഥൻ |
| 9446142804 | 7012196529 | 9645540561 |

ക്ഷേത്രം ഫോൺ: 0487 2350555/ 8921970414

Website : sreemahadevatemplethalore.com / Email:sevasamithithalore@gmail.com

BANK: SBI THALORE SIVAKSHETHRA SEVASAMITHI

A/C 41119425017 I IFSC: SBIN0070740

**കർപ്പൂരാദി**

# നവീകരണ കലശം

1198 മേടമാസം 6 വ്യാഴം മുതൽ 16 ഞായർ കൂടി
(2023 ഏപ്രിൽ 20 മുതൽ 30 കൂടി)

## നവീകരണകലശം എന്ത് ?

അന്ധകാരത്തെ ഇല്ലാതാക്കി നമുക്ക് വെളിച്ചം പകർന്നുതരുവാനായി നാം വിളക്കു കത്തിച്ചുവെക്കുന്നു. മനുഷ്യമനസ്സുകളിലെ അന്ധകാരത്തെ ദൂരീകരിക്കുവാനായിട്ടാണ് ക്ഷേത്രങ്ങൾ നിർമ്മിച്ച് അതിൽ ദേവീ–ദേവന്മാരെ പ്രതിഷ്ഠിച്ചിരിക്കുന്നത്. പ്രപഞ്ചമെങ്ങും വ്യാപിച്ചിരിക്കുന്ന നിഷ്ക്കളബ്രഹ്മമാകുന്ന മഹാശക്തിയെ സകളീകൃത രൂപത്തിലാക്കി ഒരു ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നത്, അവിടെവന്ന് ആരാധന നടത്തുന്നത് ഭക്തജനങ്ങളുടെ അഭീഷ്ടസിദ്ധിക്കും ആ നാടിന്റെ ഐശ്വര്യത്തിനും വേണ്ടിയാണ്.

ഒരു ദീപം കത്തിച്ചുവച്ചാൽ അത് എക്കാലവും ഒരുപോലെ പ്രകാശിച്ചു കൊണ്ടിരിക്കുകയില്ല. ശരിയായ രീതിയിൽ വേണ്ടുന്ന പരിചരണം നൽകിയാൽ മാത്രമേ അത് എക്കാലവും നല്ലപോലെ പ്രകാശിച്ചു കൊണ്ടിരിക്കുകയുള്ളൂ. എണ്ണതീരുന്നതിനനുസരിച്ച് ഒഴിച്ചു കൊടുക്കുകയും, ജ്വാലയിലെ മഷി ഇടക്കിടെ തട്ടിക്കളയുകയും, ഗ്ലാസ്സിൽ പറ്റിപ്പിടിച്ച കരിയും, എണ്ണയും തുടച്ചുവൃത്തിയാക്കുകയും രൂക്ഷമായ കാറ്റേൽക്കാതെ നോക്കുകയും ചെയ്യണം. ഇതൊക്കെ ചെയ്താലും ശരി കുറെക്കാലം കഴിയുമ്പോൾ ദീപജ്വാലയിലെ മഷി നിശേഷം തട്ടിക്കളയുകയും ദീപഭാജനം തുറന്ന് വൃത്തിയാക്കുകയും ചെയ്യണം, മങ്ങിക്കൊണ്ടിരുന്ന ദീപജ്വാല കെട്ടുപോകാതെ വേണം ഈ പ്രക്രിയ  നിർവ്വഹിക്കാൻ. അതിനായി ദീപജ്വാലയെ മറ്റൊരു ദീപത്തിലേക്കു പകർന്ന് പഴയദീപഭാജനത്തിന്റെ ഭാഗങ്ങൾ അഴിച്ചെടുത്ത് കഴുകി വൃത്തിയാക്കി പുതിയവർത്തിയിട്ട് എണ്ണയൊഴിച്ച് രണ്ടാമത്തെ ദീപഭാജനത്തിൽ നിന്നും ദീപജ്വാലയെ ആദ്യത്തെ ദീപഭാജനത്തിലേക്ക് യോജിപ്പിക്കുകയാണ് ചെയ്യുന്നത്. ക്ഷേത്രമാകുന്ന ദീപത്തിന് ഇതുപോലെ ചെയ്യുന്ന ക്രിയയാണ് നവീകരണകലശം

## കർപ്പൂരാദി ദ്രവ്യകലശം

കലശം മണ്ഡപത്തിൽ പഞ്ചവിംശതി, തൈലാദി, ഗന്ധാദി, കർപ്പൂരാദി എന്നീപ്രകാരം 85 തരം ദ്രവ്യങ്ങളെകൊണ്ട് നിറച്ച് പൂജിച്ച് പിറ്റേദിവസം ശിവന്റെ വിശേഷമന്ത്രങ്ങളെകൊണ്ട് അഭിഷേകം ചെയ്യുന്നു.

## നവീകരണ കലശകുട സമർപ്പണത്തിന്റെ പ്രസക്തി

ലോക സ്ഥിതികാരനായ ശ്രീമഹാദേവൻ, ശങ്കരനാരായണൻ, ശ്രീപാർവ്വതി എന്നിവരുടെ നവീകരണകലശം നിർവ്വഹിക്കുന്നത് ഭക്തരിലും പരിസരദേശവാസികളിലും പരിബന്ധിജനങ്ങളിലും വലിയ മാറ്റത്തിന് ഇടവരും, പുണ്യമായ മനുഷ്യജന്മത്തിന് കിട്ടിയ ആയുസ്സ്, ശതമൃത്യുക്കളിൽനിന്നും തന്റെ പുണ്യകർമ്മത്തിലൂടെ പരമായുസ്സിലേക്ക് എത്തുന്നതിനും ആ കാലഘട്ടത്തിന്റെ സർവ്വ സമ്പൽ സമൃദ്ധ്യാദിഗുണാനുഭവഫലങ്ങളെ യഥാവിധി നിലനിർത്തുന്നതിനും പരമഹേതുകമായ ഒന്നാണ് കലശത്തിൽ ഏതുവിധേനയും പങ്കെടുക്കുന്നത്.

പുനഃപ്രതിഷ്ഠാകർമ്മത്തിലെ പ്രധാന മന്ത്രങ്ങളിൽപ്പെടുന്ന

"ലോകാനുഗ്രഹഹേത്വർത്ഥം സ്ഥിരീഭവ സുഖായ നഃ
സാന്നിദ്ധ്യഞ്ച തഥാദ്ദേവ! പ്രത്യഹം പരിവർദ്ധയ
മാഭൂൽ പ്രജാവിരോധോ  സ്മിൻ യജമാനസ്സമൃദ്ധ്യതാം
സഭൂപാലം തഥാരാഷ്ട്രം സർവ്വോപദ്രവവർജിതം
ക്ഷേമേണ വൃദ്ധിമതുലാം സുഖമക്ഷയമ്ശ്നുതാം
പൂജാം ഗൃഹാണസതതം മാമുദ്ധര നമോ  സ്തുതേ"

ഈ മന്ത്രം യജമാനനും, രാജാവിനും, രാഷ്ട്രത്തിനും സകല ഉപദ്രവങ്ങളും ഇല്ലായ്മ ചെയ്ത് ക്ഷേമ വൃത്തിക്കായും, സുഖത്തിനും ഇടവരട്ടേ എന്ന പ്രാർത്ഥന തന്നെ ഉദ്ദേശലക്ഷ്യത്തെ പരകോടിയിലെത്തിക്കുന്നതാണ്. അത്യപൂർവ്വമായ ഈ സദുദ്യമത്തിൽ എല്ലാവരും പങ്കുചേരേണ്ടതാണ്. നവീകരണ കലശ ചടങ്ങുകൾ തുടങ്ങി അവസാനിക്കുന്നതുവരെ നിയന്ത്രണവിധേയമായി എല്ലാ പൂജാദികളും ഉൾകൊണ്ട് തൊഴുന്നത് ഈ ആയുസ്സിന്റെ പുണ്യവും ജന്മജന്മാന്തരങ്ങളാൽ നമുക്കും, സന്താനപ്രസന്താനങ്ങൾക്കും പുണ്യവർദ്ധകവുമാണ്. നവീകരണകലശചടങ്ങുകൾ

## ആചാര്യവരണം

ക്ഷേത്രഭരണക്കാരോ അവരുടെ പ്രതിനിധികളോ നവീകരണ ക്രിയ ചെയ്യുന്ന തന്ത്രിയെ വസ്ത്രം, ഫലം, താംബൂലം, പവിത്രമോതിരം, ദ്രവ്യസഹിതം നൽകി നവീകരണകലശം വിധിയാം വണ്ണം നടത്തിത്തരേണമെന്ന് ആദരപൂർവ്വം വരിക്കുന്നതാണ് ആചാര്യവരണം. "ആമീം" എന്ന് തന്ത്രി ഏറ്റുപറയുന്നു. (അങ്ങിനെ ആകാം). അതുപോലെ കലശത്തിന്റെ പ്രധാനപാണി മുതലായതിനു മാരാരേയും വിളക്ക് പിടി, പുഷ്പങ്ങൾ എന്നിവ തയ്യാറാക്കി കൊടുക്കുന്ന വാരിയരേയും വസ്ത്രം നൽകി സ്വീകരിക്കുന്നു. എല്ലാവരും ശംഖ് ധ്വനിയും, നാമജപവും, വിളക്കുമായി ദേവനെ പ്രദക്ഷിണം വെച്ച് നമസ്ക്കരിക്കുന്നു. നവീകരണ കലശത്തിന് ഇതോടെ തുടക്കം കുറിക്കുന്നു..

കർപ്പൂരാദി

# നവീകരണ കലശം

1198 മേടമാസം 6 വ്യാഴം മുതൽ 16 ഞായർ കൂടി
(2023 ഏപ്രിൽ 20 മുതൽ 30 കൂടി)

## മുളയിടൽ

ക്ഷേത്രത്തിന്റെ അകത്ത് ഈശാനകോണിൽ സജ്ജമാക്കിയ മുളയറയിൽ ശുദ്ധിചെയ്ത് പത്മം ഇട്ട് 16 പാലികളിൽ മണ്ണ്, മണൽ, ചാണകപ്പൊടി എന്നിവ ഇട്ടുവെക്കുന്നു. ദേവന്റെ മുളധാന്യങ്ങൾ വെള്ളം കൊണ്ടും, പാലുകൊണ്ടും കഴുകി പൂജിച്ച് പാലികളിൽ വിതക്കുന്നു. ഇവിടെ 10 വിത്തുകളാണ് വിതക്കുന്നത്. നവര, ഉഴുന്ന്, തിന, തിലം, മുതിര, തുവര, കടുക്, ചെറുപയർ, അമര, ചാമ ഇവകൾക്ക് ഓരോന്നിനും ഓരോ ദേവസങ്കൽപമാണ്. വിതക്കുന്നതിനു മുൻപ് പാലികളിൽ വിരാട് പുരുഷനായ വിഷ്ണുവിനേയും, വിത്തുകളിൽ ഔഷധ ഈശനായ സോമനേയും ആവാഹിച്ച് പൂജിക്കുന്നു. സൃഷ്ടിയുടെ ഉൽപത്തിയെ പ്രതിനിധാനം ചെയ്യുന്ന ജീവനെ ആധാരമാക്കുന്നു ഈ മുളയിടൽ. ഇവിടെ 3 നേരവും പൂജിക്കുന്നു. ഈ മുളകൾ ജീവകലശത്തിനു ചുറ്റും 7–ാം ദിവസം എഴുന്നള്ളിച്ചു വെക്കുന്നു. മുളയുടെ ചൈതന്യം ദേവനിലേക്ക് ലയിക്കുന്നു എന്നാണ് സങ്കൽപം.

'മുളപിഴച്ചാൽ തലപിഴക്കും' എന്ന ചൊല്ലും ഉണ്ട്. അതു കൊണ്ടു തന്നെ വളരെ മംഗളകരമായ ഒരു ചടങ്ങാണിത്.

## പ്രാസാദശുദ്ധി

നിർവിഘ്നപരിസമാപ്തിക്കായി ഗണപതിയെ പൂജിച്ച് നൂൽ, പുൽക്കയർ, മുഷ്ടി, ഗോമയം, കടുക് പഞ്ചഗവ്യം, വികിരം, അഷ്ടഗന്ധജലം, ദർഭ, കുസുമാക്ഷതങ്ങൾ എന്നിവ പൂജിച്ച് ദേവൻ സമൂല ശരീരമായി ശ്രീ കോവിലിൽ നൂലും, പാശാലംബനവും ചെയ്ത് മുഷ്ട്യാദികൾ കൊണ്ട് അടിച്ചുതളിച്ച് ശുദ്ധമാക്കി ധൂപം, ദീപം എന്നിവ കൊണ്ട് പൂജിക്കുന്നു.

## അസ്ത്രകലശം

രക്ഷക്കായി ശ്രീകോവിലിൽ ദേവന്റെ അസ്ത്രമന്ത്രം കൊണ്ട് ഒരു കലശം പൂജിച്ചുവെക്കുന്നു.

## രക്ഷോഘ്ന ഹോമം

ക്ഷേത്രത്തിലെ രാക്ഷസീയ ശക്തികളെ അകറ്റി നിർത്തുന്നതിനായി ഹോമം നടത്തുന്നു.

## വാസ്തുഹോമം

വാസ്തു കലശം ക്ഷേത്രവാസ്തുവിന്റെ പൂർണ്ണതയ്ക്കും, നിർമ്മാണ ഘട്ടത്തിലെ അശുദ്ധിയും തീരുന്നതിന് ഹോമവും, കലശവും നടത്തുന്നു.

## വാസ്തുബലി

ക്ഷേത്രത്തിലെ വാസ്തുദേവതകളെ തൃപ്തിപ്പെടുത്തുന്നു. വാസ്തു കലശാഭിഷേകം വാസ്തു പരിശുദ്ധിക്കായി പ്രാസാദ മൂർത്തിക്ക് കലശം ആടി പുണ്യാഹം തളിച്ച് ചൈതന്യം പൂർണ്ണമാക്കുന്നു.

## ചതുഃശുദ്ധി

കലശങ്ങൾ പൂജിച്ച് അതിൽ ദർഭ, പുറ്റുമണ്ണ്, നാൽപാമരത്തൊലി, സ്വർണ്ണം, ചുണ്ടങ്ങ മുതലായവ ഇടുന്നു. ക്ഷാളനം പ്ലാവനം, സ്നാനം, മാർജ്ജനം എന്നീ ക്രിയകളാൽ സൂക്ഷ്മ ശരീരമാവുന്ന ബിംബത്തിൽ മേൽപറഞ്ഞ ദ്രവ്യങ്ങൾ തേച്ച് കഴുകി അഭിഷേകം ചെയ്യുന്ന ക്രിയയാണ് ചതുഃശുദ്ധി.

## ധാര

ഒരു ചെമ്പ് പാത്രത്തിൽ വെള്ളം നിറച്ച് സ്വർണ്ണംകൊണ്ടും, വെള്ളികൊണ്ടും, ആമ, മത്സ്യം, താമരവളയം മുതലായവ ഇട്ട് ഗംഗ, വരുണൻ മുതലായ ചൈതന്യങ്ങളെ ആവാഹിച്ച്, പൂജിച്ച് ദേവങ്കൽ ധാരകിടാരത്തിലൂടെ മന്ത്രപൂർവ്വം ധാര ചെയ്യുന്നു. ഈ ക്രിയകൾ ആയുർവ്വേദത്തിലെ ചികിത്സയോട് വളരെ സമാനമായിട്ടാണ് കണക്കാക്കുന്നത്.

## പഞ്ചഗവ്യം

ഗോമാതാവിൽ നിന്ന് ലഭിക്കുന്നവയും, പഞ്ചഭൂത തലകവുമായ പഞ്ചഗവ്യം കണക്കുപ്രകാരം കൂട്ടിച്ചേർത്ത് കലശം പൂജിച്ച് ബിംബത്തിൽ അഭിഷേകം ചെയ്യുന്നു.

## പഞ്ചകം

അഞ്ചുകലശങ്ങളിൽ ദേവന്റെ തത്വങ്ങളെ പൂജിച്ച് അഭിഷേകം ചെയ്യുന്നതോടുകൂടി ദേവചൈതന്യത്തിലെ തത്വങ്ങളുടെ പൂർണത വരുന്നു.

## പ്രോക്തഹോമം

പല തരത്തിലുള്ള അശുദ്ധികൾ തീരുന്നതിന് ദേവന്റെ തെക്കേ ചിറ്റിൽ പ്രോക്തഹോമം നടത്തുന്നു. ഹോമങ്ങളെല്ലാം നടത്തുന്നതിന് മുൻപ് കുണ്ഡങ്ങൾ ശുദ്ധിവരുത്തുന്നു. ഹോമത്തിന്റെ അന്ന് ഹോമകുണ്ഡത്തിൽ പൂജകൾ ചെയ്ത്, അഗ്നിയേയും പൂജിച്ച ശേഷമാണ് കുണ്ഡത്തിൽ തീയ്യിട്ടതിനുശേഷം ക്രിയകൾ ചെയ്ത് ദേവചൈതന്യത്തെ ആവാഹിച്ച് പൂജിക്കുന്നു. ഹോമത്തിന്റെ തെക്കായി ഒരു കലശം പൂജിക്കുന്നു. ഹോമദ്രവ്യങ്ങൾ മന്ത്രപൂർവ്വം അഗ്നിയിൽ ഹോമിച്ചതിന്റെ സത്തായ ദേവചൈതന്യത്തെ ഹോമകലശത്തിലാക്കി ആ കലശം ദേവങ്കൽ അഭിഷേകം ചെയ്യുന്നതോടുകൂടി മാലിന്യമുക്തമാകുന്നു. ഹോമ സമയത്തുണ്ടാകുന്ന പുക ക്ഷേത്രപരിസരത്തേയും, അന്തരീക്ഷത്തേയും പരിശുദ്ധമാക്കുന്നു. ഈ പുകയേൽക്കുന്ന സസ്യജാലങ്ങൾക്കും, മനുഷ്യർക്കും മൃഗങ്ങൾക്കും വളരെ മാറ്റങ്ങൾ ഉണ്ടെന്ന് ഹോമം നടക്കുന്ന സമയത്ത് ശാസ്ത്രജ്ഞൻമാർ തെളിയിച്ചിട്ടുണ്ട്. പലതരം ചമതകളും ദ്രവ്യങ്ങളും, വിത്തുകളും സംഖ്യാക്രമമായിട്ടാണ് ഹോമിക്കുന്നത്.

## പ്രായശ്ചിത്തഹോമം (മുൻപിൽ)

ക്ഷേത്രത്തിലും ബിംബത്തിലും അറിഞ്ഞോ അറിയാതേയോ സംഭവിച്ചിട്ടുള്ള പലതരം അശുദ്ധികൾ തീരുന്നതിന് ഈ ഹോമം നടത്തുന്നു.

## ശാന്തിഹോമം

ഈശാനകോണിൽ പല അശുദ്ധികൾക്കും സാമാന്യമായിട്ടുള്ള ദോഷ ശാന്തിക്കായി നടത്തുന്നു.

## അത്ഭുത ശാന്തിഹോമം

ഈശാനകോണിൽ ക്ഷേത്രത്തിൽ പലതരത്തിലുള്ള അനർത്ഥങ്ങൾ ഉണ്ടാകുക. ദേവൻ കരയുന്നതായും, വിയർക്കുന്നതായും തോന്നുക, പുറ്റ് പൊന്തുക തുടങ്ങിയ അത്ഭുതവികാരങ്ങൾ ഭക്തജനങ്ങൾക്ക് അനുഭവപ്പെടാറുണ്ട്. (ഇതൊന്നും ഇല്ലെങ്കിലും സാധാരണ നവീകരണ കലശത്തിന് മാത്രമേ ഈ ഹോമം ചെയ്യാറുള്ളു).

## ശ്വശാന്തി ഹോമം

നായ ക്ഷേത്രത്തിൽ പ്രവേശിച്ചാൽ ഉള്ള ദോഷത്തിന് ചെയ്യുന്ന ഹോമമാണ് ശ്വശാന്തി ഹോമം

## ചോരശാന്തി ഹോമം

ഈശാനകോണിൽ ക്ഷേത്രത്തിൽ കള്ളൻ കടക്കുക, അശുദ്ധിയുള്ളവർ പ്രവേശിക്കുക മുതലായവയുടെ അശുദ്ധിനീക്കാൻ ഈ ഹോമം നടത്തുന്നു.

## തത്വഹോമം – തത്വകലശം

ദേവന്റെ മുൻപിലെ മണ്ഡപത്തിലാണ് ഈ ഹോമം ചെയ്യുക. വളരെ പ്രാധാന്യമുള്ള ഹോമമാണ്. മുൻ പറഞ്ഞതുപോലെ കുണ്ഡശുദ്ധി വരുത്തി ഹോമം തുടങ്ങുന്നു. ഹോമത്തിന്റെ തെക്ക് കല, തത്വം മുതലായവ ആവാഹിച്ച് ദേവനെ പൂജിക്കുന്നു. ദേവശരീരത്തെ തത്വങ്ങൾ കൊണ്ടാണ് കൽപിക്കുന്നത്. ജീവൻ, പ്രാണൻ, പഞ്ചേന്ദ്രിയങ്ങൾ, പഞ്ചതന്മാത്രകൾ, പഞ്ചതന്ത്രങ്ങൾ മുതലായവയാണ് അവ. ഈ ഹോമത്തിനും ദേവനുമായി നാഡീയോഗത്തെ കൽപിച്ച ശേഷമാണ് ഹോമകുണ്ഡത്തിൽ മന്ത്രപൂർവ്വം ഹോമിക്കുന്നത്. ഹോമചൈതന്യത്തെ കലശത്തിലേക്ക് യോജിപ്പിച്ച് വലിയപാണികൊട്ടി കലശം എഴുന്നള്ളിച്ച് അഭിഷേകം ചെയ്യുന്നതോടെ ദേവാവയവ പൂർത്തി വരുന്നു. ഈ ഹോമം നടക്കുമ്പോൾ ശ്രീകോവിലും ഹോമവുമായി മുറിഞ്ഞുകടക്കുവാൻ പാടില്ല.

കർപ്പൂരാദി

# നവീകരണ കലശം

1198 മേടമാസം 6 വ്യാഴം മുതൽ 16 ഞായർ കൂടി
(2023 ഏപ്രിൽ 20 മുതൽ 30 കൂടി)

## കുംഭേശ – കർക്കരീ കലശപൂജ

കലശമണ്ഡപത്തിൽ അധിപനായി കുംഭേശനും രക്ഷകനായി കർക്കരിയും പൂജിക്കുന്നു.

## ബ്രഹ്മകലശം – പരികലശം

കലശസംഖ്യയുടെ അടിസ്ഥാനത്തിൽ പത്മമിടുന്നു. അതിൽ മദ്ധ്യത്തിൽ ബ്രഹ്മമെന്നും അതിനുപുറത്ത് ദൈവീകമെന്നും അതിനു പുറത്ത് മാനുഷമെന്നും പറയുന്നു. മദ്ധ്യത്തിലുള്ള ബ്രഹ്മത്തിലുള്ള കലശത്തിനെ ബ്രഹ്മകലശമെന്നും, ചുറ്റുമുള്ള കലശത്തിലെ ബ്രഹ്മകലശമെന്നും പറയുന്നു.

പരബ്രഹ്മസ്വരൂപത്തെ കൽപ്പിക്കുന്നു. യോഗ്യനായ ആചാര്യൻ ബ്രഹ്മകലശത്തെ പൂജിക്കുന്നു. ജലം നവരത്ന സ്വർണ്ണ ദ്രവ്യങ്ങൾ നിറച്ച് ലിപികളെക്കൊണ്ട് പത്മങ്ങളെ കല്പിച്ച് വൃത്തിയേയും ചതുർനവതി, കലശങ്ങളായ വഹ്നി, സൂര്യ, സോമ, അകാര, ഉകാര, മകാര, ബിന്ദു, നാദ, ശക്തി, ശാന്ത എന്നീ ദശകലക്കൂട്ടങ്ങളെ ആവാഹിച്ച്, ദേവനേയും ആവാഹിച്ച് സപരിവാരമായി പൂജിക്കുന്നു. പരികലശങ്ങളെ ഒരു രേഖാഖണ്ഡമായും ഓരോദ്രവ്യങ്ങൾ നിറച്ച് പൂജിക്കുന്നു. 25 ഖണ്ഡമായിട്ടാണ് വരിക. പാൽ, തൈര്, നെയ്യ്, തേൻ, രത്നങ്ങൾ, ലോഹങ്ങൾ, കഷായം, പുഷ്പങ്ങൾ, ഫലങ്ങൾ തുടങ്ങിയവയാണ് ദ്രവ്യങ്ങൾ. പ്രകൃതിദത്തമായ ദ്രവ്യഗുണങ്ങൾ ഓരോ ദ്രവ്യത്തിനും ഉണ്ട്. ദ്രവ്യങ്ങൾക്ക് ഓരോ ദേവതാ സങ്കല്പവുമുണ്ട്. ഒരു രാത്രി ദ്രവ്യകലശങ്ങൾ പൂജിച്ചാൽ പ്രകൃതിയിലെ ചൈതന്യവും കൂടി ചേർന്നാലെ പൂർണ്ണമാവുകയുള്ളൂ എന്നാണ് പറയുന്നത്. അതുകൊണ്ട് ആ കലശങ്ങൾ പിറ്റേദിവസമാണ് അഭിഷേകം ചെയ്യുന്നത്.

## പാണി – മരപാണി

ഒരു കലശത്തിന് പാണി ഒഴിച്ചു കൂടാൻ കഴിയാത്ത വാദ്യമാണ്. പാണി സാധാരണ 2 വിധത്തിലാണ് കൊട്ടുന്നത്. സൃഷ്ടിയും, സംഹാരവുമാണ്. ഓരോ ദേശത്തും പാണികൊട്ടുന്നതിൽ വ്യത്യാസം കാണാം. തന്ത്ര മന്ത്ര ധ്യാനപുരസ്സരം, ക്രിയകൾ ചെയ്യുമ്പോൾ മാരാർ പഞ്ചഭൂതാത്മകമായ മരത്തിൽ നിരതനായി തത്വരൂപേണ മാത്ര കണക്കാക്കി, ശബ്ദ തന്മാത്രയാകുന്ന ചൈതന്യത്തെ കലശത്തിലേക്ക് യോജിപ്പിക്കുന്ന ക്രിയയാണ് ഇവിടെ നടക്കുന്നത്. പാണിസമയത്ത് ഏകാഗ്ര ബുദ്ധിയായിട്ടാണ് കൊട്ടുന്നത്. വളരെ ശ്രദ്ധയോടെ വേണമെന്നാണ് പറയുന്നത്. "പാണി പിഴച്ചാൽ കോണി" എന്ന പഴഞ്ചൊല്ലുണ്ട്. ഇവിടെ സംഹാര തത്വത്തിനു മാത്രം സംഹാര പാണിയും ബാക്കി പാണികൾ സൃഷ്ടിയുമായിട്ടാണ് കൊട്ടുക. ഒരു ക്ഷേത്രത്തിലെ മൂന്നു വ്യക്തികൾ തുല്യ പ്രാധാന്യം ഉള്ളവരാണ്. പ്രതിഷ്ഠ ചെയ്ത തന്ത്രിയും, പാണി കൊട്ടിയമാരാരും, പാണി സമയത്ത് വിളക്കുപിടിക്കുന്ന വാരിയരും. അതുപോലെ ക്രിയകൾ നടക്കുമ്പോൾ മേളം കൊട്ടുന്നതും വളരെ യധികം ഏകാഗ്രത ലഭിക്കുന്നു.

## അധിവാസഹോമം

പൂജിച്ചു വെച്ചിരിക്കുന്ന കലശങ്ങളെ കലശാധിവാസം ഹോമം മുഖേന ചൈതന്യവത്താക്കുന്നു. കലശങ്ങളിൽ സമ്പാതം സ്പർശിച്ച് വസ്ത്രങ്ങൾ കൊണ്ടുമൂടി അധിവസിക്കുന്നു. തത്വസ്വരൂപങ്ങളായ കലശങ്ങളെ ഒന്നാക്കി ധ്യാനരൂപത്തിലും, പൂജകൾ കൊണ്ടും അതിനെ അഭിഷേകയോഗ്യമാക്കുന്നു. തുടർന്ന് അത്താഴപൂജകൾക്കു ശേഷ ദേവനോട് പ്രാർത്ഥിക്കുന്നു. പിറ്റേദിവസം ആടാനുള്ള കലശം ഇവിടെ അധിവസിച്ചിരിക്കുന്നു. ദേവൻ അതിൽ പ്രസാദിക്കണെ എന്ന തന്ത്രി ശ്ലോകരൂപത്തിൽ പ്രാർത്ഥിക്കുന്നു.

## കലശം ആടൽ 6–ാം ദിവസം

തലേദിവസം അധിവസിച്ചിരിക്കുന്ന കലശങ്ങളെ ക്രമപ്രകാരംപരികലശങ്ങൾ അഭിഷേകം ചെയ്ത് പാണികൊട്ടി കുംഭേശ കലശവും ആടുന്നതോടുകൂടി പൂർണ്ണ ചൈതന്യമാകുന്നു.

## അനുജ്ഞാനബലി

ദേവന്റെ പരിവാരങ്ങൾക്ക് ബലിതൂവുന്ന ചടങ്ങാണ് ശ്രീഭൂതബലി. നവീകരണത്തിന് യോഗ്യനായിരിക്കുന്ന ദേവന്റെ പരിവാരങ്ങളോട് അനുജ്ഞവാങ്ങുന്ന ചടങ്ങാണ്. ഈ സമയത്ത് എല്ലാ ഭക്തജനങ്ങളും സന്നിഹിതരാവേണ്ടതാണ്. ദേവനെ ആശ്രയിച്ചിരിക്കുന്ന എല്ലാ പരിവാരങ്ങളും കേൾക്കാൻ വേണ്ടി "ശൃണ്വന്തു ദേവത സർവ്വ" എന്നു തുടങ്ങുന്നു. ദേവനെ പ്രതിഷ്ഠിച്ച സമയത്ത് പ്രതിഷ്ഠിച്ച നിങ്ങളെ ദേവനിലേക്കു തന്നെ ആവാഹിക്കുകയാണ്. ദേവന്റെ പ്രാസാദം മുതലായതുകൾ പുതുക്കി പണിത്
പുനഃപ്രതിഷ്ഠ ചെയ്യുമ്പോൾ നിങ്ങളേയും പ്രതിഷ്ഠിച്ചു കൊള്ളാമെന്നാണ് ഇവിടെ സത്യം ചെയ്യുന്നത്. ആയതിന് എനിക്ക് അനുജ്ഞതന്നാലും ഇതാണ് പ്രാർത്ഥനയുടെ ചുരുക്കം.

## സംഹാരതത്വകലശം – ഹോമം

ക്ഷേത്രമതിൽക്കകം മുഴുവൻ വ്യാപിക്കുന്ന ദേവചൈതന്യത്തെ സംഹാരതത്വഹോമം മുഖേന സംഹാരക്രമത്തിൽ ഹോമിച്ച് സർവ്വ ചൈതന്യത്തേയും ചുരുക്കി ദേവനിലേക്ക് ആക്കുന്നു. കലശം എഴുന്നള്ളിച്ച് ബ്രാഹ്മണർക്ക് ദാനം ചെയ്ത് അനുവാദം വാങ്ങി ഊരാളന്മാരെ വരുത്തി പ്രതിഷ്ഠയുടെ കാലാവധി ചോദിച്ച് പരിവാരങ്ങളോടും ദേവനോടും സത്യം ചെയ്തതിനുശേഷം സംഹാരതത്വകലശമാടി ധ്യാന സങ്കോചം എന്ന ക്രിയയിലൂടെ സർവ്വ ചൈതന്യത്തേയും ബിംബഹൃദയത്തിലേക്ക് ആക്കുന്നു. കേവലം തിരിനാളം പോലുള്ള ചൈതന്യത്തെ ജീവകലശത്തിലേക്ക് ആവാഹനം ചെയ്ത് പുറത്ത് തയ്യാറാക്കിവച്ചിരിക്കുന്ന ശയ്യയിൽ എഴുന്നള്ളിച്ചുവെക്കുന്നു. ഈ ക്രിയയെ ഹൃദയം മാറ്റി ശാസ്ത്രക്രിയ ചെയ്യുന്ന അവസ്ഥ എന്ന് സങ്കൽപ്പിക്കാവുന്നതാണ്.

## ശയ്യാപൂജ

പത്മം ഇട്ട് 16 ഇടങ്ങഴിനെല്ല്, 8 ഇടങ്ങഴി അരി, 4 ഇടങ്ങഴി എള്ള്, 2 ഇടങ്ങഴി കടുക് എന്നിവ ഇട്ട് വെള്ളയും കരിമ്പടവും വിരിച്ച് അതിൽ പട്ടുകിടക്കയും, തലയിണയും, പാവുമുണ്ടും വിരിച്ച് പൂജിക്കുന്നു. ശയ്യയുടെ ചുറ്റുമായി വിദ്യേശരകലശപൂജയും, മരം കൊണ്ടുള്ള അഷ്ടമംഗലങ്ങളും, മുളയും വക്കുന്നു. തലക്കൽ നിദ്രാകലശം ഹോമകുണ്ഡം മുതലായവ ഒരുക്കുന്നു.

## ബിംബശുദ്ധി

ശ്രീകോവിൽ ശുദ്ധിചെയ്തതിനുശേഷം പഴയ ബിംബത്തിൽ ശുദ്ധീകരണ ക്രിയകൾ നടത്തി ബിംബശുദ്ധികലശം ആടുന്നു.

## മണ്ഡലപൂജ ഭദ്രകം പത്മത്തിൽ ദേവനെ ആവാഹിച്ച് പൂജിക്കുന്നു.

### ധ്യാനാധിവാസം

ഈ ക്രിയ ജീവകലശത്തിലും, ബിംബത്തിലും ചെയ്യുന്നു. സങ്കൽപധ്യാനം കൊണ്ട് പരചൈതന്യമായ ദേവനിലേക്ക് അസീമമായ ബ്രഹ്മചൈതന്യം ഉൾകൊണ്ട് വിരാട് സ്വരൂപത്തിൽ സർവ്വകലകളോടുകൂടിയ സൂക്ഷ്മസ്വരൂപമായ ദേവചൈതന്യത്തിൽ സ്ഥൂല രൂപമായ വിഗ്രഹരൂപമായി കൽപ്പിക്കുന്നു. ഈ വിഗ്രഹത്തിൽ ജീവൻ, പ്രാണൻ തുടങ്ങിയവയെ കൽപ്പിച്ച് ദേവനെ ആവാഹിച്ച് സ്വീകരിച്ച് പുജിക്കുന്നു.

### പ്രതിഷ്ഠ

പ്രതിഷ്ഠയുടെ അന്ന് ആദ്യം പ്രാസാദം ശുദ്ധിചെയ്ത് പ്രാസാദം പ്രതിഷ്ഠിക്കുന്നു. അനന്തരം ബിംബപ്രതിഷ്ഠയുടെ താഴെയുള്ള നപുംസകശിലയിൽ നസിക്കാനുള്ള രത്നം, ധാതു, ബീജങ്ങൾ മുതലായവ പുണ്യാഹ ശുദ്ധിവരുത്തി നപുംസകശില പ്രതിഷ്ഠിച്ച് രത്നാദികൾ ന്യസിക്കുന്നു. അതിനുശേഷം പാണികൊട്ടി ജീവകലശം, മറ്റ് കലശാദികൾ വാദ്യഘോഷത്തോടെ ശ്രീകോവിലിലേക്ക് എഴുന്നള്ളിച്ച് വെക്കുന്നു. ബിംബത്തിൽ പരാവാഹന ഇരിയായി തന്ത്രിജാഗ്രതാവ്യവസ്ഥകളെ ആവാഹിച്ച് ദേവനേയും ആവാഹിച്ചു പൂജിക്കുന്നു. മുഹൂർത്ത സമയത്ത് ബ്രാഹ്മണർക്ക് ദാനങ്ങൾ ചെയ്ത് പുരുഷാത്മകമായും ആകാശാത്മകമായും ബിംബത്തേയും (പൃഥിവ്യാത്മകം) പ്രകൃത്യാത്മകമായി പീഠത്തേയും, കൽപിച്ച് ഭക്താനുഗ്രഹാർത്ഥം ആ കൽപാന്തം ഇവിടെ സ്ഥിതിചെയ്യണമെന്ന ധ്യാനിച്ച് മന്ത്രപൂർവ്വം ബിംബം പ്രതിഷ്ഠിക്കുന്നു.

ബിംബ പീഠയോഗത്തെ അഷ്ടബന്ധമിട്ട് യോജിപ്പിച്ച് കുംഭേശൻ, നിദ്ര എന്നീ കലശാഭിഷേകം ചെയ്യുന്നു. പൂർവ്വചൈതന്യമായ ജീവാവാഹനമന്ത്രം കൊണ്ട് ആടിയോജിപ്പിക്കുന്നു. പിന്നെ തന്ത്രി സ്വന്തം ആത്മാവിൽനിന്ന് ജീവാവാഹനം ചെയ്ത് പുനർജിവൻ നൽകുന്നു. ജീവന്യാസം, പ്രാണന്യാസം, തത്വന്യാസം, ചതുർമൂർത്തീന്യാസം മുതലായവ ബിംബത്തിൽ കൽപിക്കുന്നു. സ്ഥൂല ശരീരത്തേയും കൽപിച്ച് സ്ത്രോത്രവാഹനം ചെയ്ത് ദേവനെ സ്തുതിക്കുന്നു. പിന്നെ പായസം നിവേദിച്ച് പൂജിക്കുന്നു. പിന്നെ നിത്യപൂജ ചെയ്ത് പരിവാരങ്ങളെ സ്ഥാനം കൽപിച്ച് ബലിയും തൂവുന്നു. പൂജാവസാനത്തിൽ ദേവ ചൈതന്യത്തെ മതിൽക്കകം വരെ വ്യാപിപ്പിച്ച് ആ മതിൽക്കകം ഒരു ബ്രഹ്മാണ്ഡമായി എന്ന് സങ്കൽപിക്കുന്നു. പിന്നെ നെയ്യ്, എണ്ണ, വെളിച്ചെണ്ണ എന്നിവ ഉരുളികളിൽ നിറച്ച് തിരിയും ഇട്ട് ശ്രീകോവിലിൽ കത്തിച്ചു വെക്കുന്നു. ദേവന്മാർക്ക് പൂജിക്കുന്നതിന് പുതിയ പാത്രാദികളും വച്ച് നിത്യനിദാനങ്ങൾ നിശ്ചയിച്ച് നടഅടച്ച് പ്രദക്ഷിണം വെച്ച് തന്ത്രിക്ക് മനസ്സിന് തൃപ്തിക്കായിക്കൊണ്ട് പ്രതിഷ്ഠാ ദക്ഷിണ ചെയ്തതിന് ശേഷം അനുഗ്രഹം വാങ്ങുന്നതോടുകൂടി ദേവപ്രതിഷ്ഠ എന്ന അതിബൃഹത്തായ ചടങ്ങ് അവസാനിക്കുന്നു. ബ്രാഹ്മണർ പ്രതിഷ്ഠിച്ചു കഴിഞ്ഞാൽ ദേവൻമാരുടെ പൂജ കഴിഞ്ഞാലെ പൂർണ്ണ ചൈതന്യം വരികയുള്ളൂ. അതുകൊണ്ട് മൂന്നുരാത്രി കഴിഞ്ഞ് 4 – ാം ദിവസം രാവിലെ മാത്രമേ നടതുറക്കുകയുള്ളൂ. ഈ ദിവസങ്ങളിൽ തന്ത്രി മണ്ഡപത്തിലാണ് പൂജകൾ ചെയ്യുക.

### പരിവാരപ്രതിഷ്ഠകൾ

ദേവന്റെ പരിവാരങ്ങളെ പുനഃപ്രതിഷ്ഠ നടത്തി മാതൃക്കളും, നിർമ്മാല്യധാരിയുമാണ് അകത്ത് പ്രതിഷ്ഠിക്കുന്നത്. പുറത്ത് വലിയ ബലിക്കല്ല് പ്രതിഷ്ഠിക്കുകയും ചെയ്യുന്നു. 10 – ാം ദിവസം കലശ പൂജകളും, ഹോമങ്ങളും നടത്തി കലശാദികൾ അധിവസിച്ചു വെക്കുന്നു.

### നടതുറക്കൽ

പ്രതിഷ്ഠ കഴിഞ്ഞ് നടയടച്ച സമയത്ത് ദേവന്മാർ പൂജിച്ച വിഗ്രഹത്തെ നടതുറന്ന് പശുക്കുട്ടി, കണിക്കോപ്പ് മുതലായവ കണികാണിക്കുന്നു. ഈ സമയത്തെ ദർശനം വളരെ പ്രാധാന്യമുള്ളതാണ്. എണ്ണയാടി, വാകചാർത്ത് എന്നിവ ചെയ്ത് പായസം നിവേദിച്ച് പൂജിക്കുന്നു. പിന്നെ ഹോമകലശങ്ങളും, തത്വകലശവും, പരികലശവും, ബ്രഹ്മകലശവും ആടിചൈതന്യത്തെ വൃഷ്ടിപ്പെടുത്തുന്നു. പരിവാരങ്ങൾക്ക് ശ്രീഭൂതബലി ചെയ്ത് ദക്ഷിണാദികൾ ചെയ്യുന്നതോടുകൂടി 11 ദിവസമായി നടത്തിയ നവീകരണകലശം ശുഭമായി അവസാനിക്കുന്നു. ഈ ക്രിയകൾ ചെയ്ത തന്ത്രിയെ ആചാര്യൻ എന്നും ഊരാളന്മാരെ യജമാനൻ എന്നും ഇതിന്റെ എല്ലാ ഭാഗവും ശ്രദ്ധിച്ചിരുന്ന ആളെ സദസ്യരെന്നും വിശേഷിപ്പിക്കുന്നു. എത്ര അറിവുള്ളവരും ഇത്തരത്തിലുള്ള ക്രിയകൾ ചെയ്യുമ്പോൾ ക്രിയാദികൾ തെറ്റ് വരാതെ നടത്താൻ ഗുരുസ്ഥാനീയർ കൂടെ ആവശ്യമാണ്.

ഈ ക്രിയാദികളെക്കുറിച്ച് വായിച്ചാൽ മാത്രം പോരാ, ഇത് നേരിൽ കണ്ടാൽ മാത്രമേ മനസ്സിലാവുകയുള്ളൂ. മനുഷ്യജീവിതത്തിൽ ആയിരം ക്ഷേത്ര പ്രതിഷ്ഠ തൊഴുതാൽ ലഭിക്കുന്നതിന്റെ ഇരട്ടി സുകൃതമാണ് ഒരു ക്ഷേത്രം പുനരുദ്ധീകരിക്കുന്നതിലൂടെ ലഭിക്കുന്നത്. ഇതിനുള്ള അവസരമാണ് ഇപ്പോൾ നമുക്ക് ലഭിക്കാൻ പോകുന്നത് നവീകരണകലശത്തിന്റെ എല്ലാ ദിവസവും പ്രാധാന്യമാണ്. 1,5,6,7,8,11 എന്നീ ദിവസങ്ങൾ പ്രാധാന്യം കൂടിയവയാണ്.

# കർപ്പൂരാദി

# നവീകരണ കലശം

1198 മേടമാസം 6 വ്യാഴം മുതൽ 16 ഞായർ കൂടി
(2023 ഏപ്രിൽ 20 മുതൽ 30 കൂടി)

## കർപ്പൂരാദി നവീകരണ കലശം

### ഒന്നാം ദിവസം (20.04.2023) മേടം – 6 (വ്യാഴം)

വൈകീട്ട് ദീപാരാധനയ്ക്ക് ശേഷം

ശിവന്– ആചാര്യവരണം, മുളയിടൽ, പ്രാസാദശുദ്ധി, അസ്ത്രകലശം, രക്ഷോഘ്നഹോമം, വാസ്തുഹോമം, വാസ്തു കലശ പൂജ, വാസ്തുബലി, വാസ്തുകലശാഭിഷേകം, വാസ്തു പുണ്യാഹം, അത്താഴപൂജ

### രണ്ടാം ദിവസം (21.04.2023) മേടം – 7 വെള്ളി

രാവിലെ ശിവന്– ഉഷപൂജ, മുളപൂജ, ചതുശുദ്ധി, ധാര, അവഗാഹം, പഞ്ചകം, പുണ്യാഹം,

പ്രോക്ത ഹോമം, കലശാഭിഷേകം, ഉച്ചപൂജ 9 മണിയ്ക്ക്

വൈകീട്ട് ശിവന് – സ്ഥലശുദ്ധി, മുളപൂജ, അത്താഴപൂജ

ശങ്കരനാരായണന് – പ്രാസാദശുദ്ധി, അസ്ത്രകലശം, രക്ഷോഘ്നഹോമം, വാസ്തുഹോമം

വാസ്തുകലശപൂജ, വാസ്തുബലി, വാസ്തുകലശാഭിഷേകം, വാസ്തുപുണ്യാഹം, അത്താഴപൂജ

### മൂന്നാം ദിവസം (22.04.2023) മേടം 8 ശനി

രാവിലെ ശിവന് – ഉഷപൂജ, മുളപൂജ, പ്രായശ്ചിത്തഹോമം, ശാന്തിഹോമം, അത്ഭുത ശാന്തിഹോമം ഹോമകലശാഭിഷേകങ്ങൾ, ഉച്ചപൂജ 9 മണിയ്ക്ക്

ശങ്കരനാരായണന് – ഉഷപൂജ, ചതുശുദ്ധി ധാര, പഞ്ചഗവ്യം, പഞ്ചകം, പുണ്യാഹം, ഉച്ചപൂജ

വൈകീട്ട് ശിവന് – സ്ഥലശുദ്ധി, മുളപൂജ, അത്താഴപൂജ,

ശങ്കരനാരായണന് – സ്ഥലശുദ്ധി, അത്താഴപൂജ

### നാലാം ദിവസം (23.04.2023) മേടം 9 ഞായർ

രാവിലെ ശിവന് – ഉഷപൂജ, മുളപൂജ, നായശാന്തിഹോമം, ചോര ശാന്തിഹോമം, ഹോമകലശാഭിഷേകം, ഉച്ചപൂജ 9 മണിയ്ക്ക്

ശങ്കരനാരായണന് – ഉഷപൂജ, തത്വഹോമം, തത്വകലശപൂജ, ബ്രഹ്മകലശപൂജ (അധമോത്തമം)

പരികലശപൂജ, ദ്രോണകലശപൂജ, മരപാണി തത്വകലശാഭിഷേകം, ഉച്ചപൂജ 8.45 മണിയ്ക്ക് (തൊഴുവാൻ പ്രധാനം)

വൈകീട്ട് ശിവന് – സ്ഥലശുദ്ധി, പത്മോലേഖനം, മുളപൂജ, അത്താഴപൂജ

ശങ്കരനാരായണൻ– അധിവാസഹോമം, കലശാധിവാസം, അത്താഴപൂജ

### അഞ്ചാം ദിവസം (24.04.203) മേടം 10 തിങ്കൾ

രാവിലെ ശിവന് – ഉഷപൂജ, മുളപൂജ, അഗ്നിജനനം, തത്വഹോമം തത്വകലശപൂജ, ബ്രഹ്മകലശപൂജ, (പഞ്ചവിംശതി) പരികലശപൂജ, മരപാണി, തത്വകലശാഭിഷേകം ഉച്ചപൂജ 9 മണിയ്ക്ക് (തൊഴുവാൻ പ്രധാനം)

ശങ്കരനാരായണന് – ഉഷപൂജ, കലശത്തിങ്കൽ അധിവാസം വിടർത്തി പൂജ, മരപാണി

ബ്രഹ്മകലശാഭിഷേകം, പരികലശാഭിഷേകം, ദ്രോണകലശാഭിഷേകം, ഉച്ചപൂജ 8.45ന് (തൊഴുവാൻ പ്രധാനം)

വൈകീട്ട് ശിവന് – അധിവാസഹോമം, കലശാധിവാസം, മുളപൂജ, അത്താഴപൂജ

ശ്രീപാർവ്വതിക്ക് – പ്രാസാദശുദ്ധി, അസ്ത്രകലശം, രക്ഷോഘ്നഹോമം,വാസ്തുഹോമം,

വാസ്തുകലശപൂജ, വാസ്തുബലി, വാസ്തുകലശാഭിഷേകം, വാസ്തുപുണ്യാഹം

### ആറാം ദിവസം (25.04.2023) മേടം 11 ചൊവ്വ

രാവിലെ ശിവന് – ഉഷപൂജ, മുളപൂജ, അധിവാസം വിടർത്തിപൂജ, അനുജ്ഞാകലശാഭിഷേകം, പരികലശാഭിഷേകം, ബ്രഹ്മകലശാഭിഷേകം, ഉച്ചപൂജ, (തൊഴുവാൻ പ്രധാനം)

ശ്രീപാർവ്വതിക്ക് – ഉഷപൂജ, ചതുശുദ്ധി, ധാര, പഞ്ചഗവ്യം, പഞ്ചകം, കലശാഭിഷേകം, ഉച്ചപൂജ 9 മണിയ്ക്ക്

വൈകീട്ട് ശിവന് – അനുജ്ഞാബലി, അനുജ്ഞാപ്രാർത്ഥന 6 മണിയ്ക്ക് എല്ലാഭക്തരും എത്തിചേരേണ്ടതാണ്, ബിംബശുദ്ധി, കലശപൂജ, ചതുർത്ഥസ്നാനത്തിന് മുളയിടൽ, മുളപൂജ, അത്താഴപൂജ

ശ്രീപാർവ്വതിക്ക് – സ്ഥലശുദ്ധി, അത്താഴപൂജ

കർപ്പൂരാദി

# നവീകരണ കലശം

1198 മേടമാസം 6 വ്യാഴം മുതൽ 16 ഞായർ കൂടി
(2023 ഏപ്രിൽ 20 മുതൽ 30 കൂടി)

## ഏഴാം ദിവസം (26.04.2023) മേടം 12 ബുധൻ

രാവിലെ ശിവന് – ഉഷപൂജ, മുളപൂജ, അഗ്നിജനനം, സംഹാരതത്വഹോമം, സംഹാരതത്വകലശപൂജ, കലശ മണ്ഡപത്തിൽ ജലദ്രോണി, കുംഭേശകർക്കരി പൂജ, അഗ്നിജനനം, ശിരസ്തത്വഹോമം, പ്രതിഷ്ഠാഹോമം, ശയ്യാപൂജ, വിദ്യേശ്വരകലശപൂജ, നിദ്രാകലശപൂജ, ഉപഹാരസ്ഥാപനം, അഷ്ടമംഗലസ്ഥാപനം, മരപാണി, സംഹാരതത്വകലശം എഴുന്നള്ളിക്കൽ, അനുജ്ഞാദാനം, അനുജ്ഞാപ്രാർത്ഥന, സംഹാരതത്വകലശാഭിഷേകം, ധ്യാനസങ്കോചം, ജീവ കലശപൂജ, ജീവോദ്വാസന, ജീവകലശം ശയ്യയിലേക്ക് എഴുന്നള്ളിക്കൽ

ശ്രീപാർവ്വതിക്ക് – സംഹാരതത്വഹോമം, സംഹാരതത്വ കലശപൂജ, സംഹാരതത്വകലശം എഴുന്നള്ളിക്കൽ, സംഹാര തത്വ കലശാഭിഷേകം, ജീവകലശപൂജ, ജീവോദ്വാസന, ജീവകലശം, ശയ്യയിലേക്ക് എഴുന്നള്ളിക്കൽ

വൈകീട്ട് ശിവന് – പ്രാസാദശുദ്ധിക്രിയകൽ മുളപൂജ

ശിവനും ശ്രീപാർവ്വതിക്കും – ബിംബശുദ്ധി കലശാഭിഷേകം, ധ്യാനാധിവാസം, മണ്ഡലപൂജ, അധിവാസ ഹോമം, ശാന്തിഹോമം അധിവാസപൂജ, പീഠാധിവാസ, പ്രാസാദാധിവാസം

## എട്ടാം ദിവസം (27.04.2023) മേടം 13 വ്യാഴം പ്രതിഷ്ഠ

രാവിലെ ശിവന് – ബിംബത്തിങ്കലും, ജീവകലശത്തിങ്കലും, മണ്ഡലത്തിങ്കലും പൂജ, ബലിതൂവൽ

ശിവനും ശ്രീപാർവ്വതിക്കും – അധിവാസം വിടർത്തിപൂജ, മുളപൂജ, പ്രാസാദപ്രതിഷ്ഠ, നപുംസക ശി ലാപ്രതിഷ്ഠ, രത്നന്യാസം, പീഠപ്രതിഷ്ഠ മരപാണി, ജീവകലശം, നിദ്രാകലശം, കുംഭേശ കലശം അകത്തേക്ക് എഴുന്നള്ളിക്കൽ കർക്കരി പരിഷേകം, പരാവാഹന അവസ്ഥാവാഹന, മൂലാവാഹന മുഹൂർത്തദാനം ,മുഹൂർത്ത സമയം 7.30 നും 9.20നും മദ്ധ്യേ **പ്രതിഷ്ഠ**, (ദർശനപ്രധാനം) അഷ്ടബന്ധ സ്ഥാപനം, കുംഭേശകലശാഭി ഷേകം, നിദ്രാകലശാഭിഷേകം, ജീവകലശാഭിഷേകം, ജീവാവാഹന, സ്ഥൂലാവാഹന, സ്തോത്രവാഹന പായ സപൂജ, നിത്യപൂജ, പ്രതിഷ്ഠാബലി, ചിദ്ബിംബ സമ്മേളനം, ദീപസ്ഥാപനം, നട അടയ്ക്കൽ, നിത്യനിദാനം നിശ്ചയിച്ച് പ്രതിഷ്ഠാദക്ഷിണ, വൈകീട്ട് നടയ്ക്കൽ പൂജ, മുളപൂജ

## ഒമ്പതാം ദിവസം (28.04.2023) മേടം 14 വെള്ളി

രാവിലെ ശിവന് –നടയ്ക്കൽ പൂജ, മുളപൂജ, ഇന്ദ്രാദി പ്രതിഷ്ഠ, മാതൃക്കളുടെ പ്രതിഷ്ഠ നിർമ്മാല്യധാരി പ്രതിഷ്ഠ,നടയ്ക്കൽ ഉച്ചപൂജ, വൈകീട്ട് മുളപൂജ, സ്ഥലശുദ്ധി, നടയ്ക്കൽ പൂജ

## പത്താം ദിവസം (29.04.2023) മേടം 15 ശനി

രാവിലെ ശിവന് – നടയ്ക്കൽ പൂജ, മുളപൂജ, പ്രോക്തഹോമം, പ്രായശ്ചിത്തഹോമം, ശാന്തിഹോമം,തത്വഹോമം, തത്വകലശപൂജ, മണ്ഡപസംസ്കാരം, ചതുർത്ഥ ബ്രഹ്മകലശപൂജ, (കർപ്പൂരാദിദ്രവ്യകലശം) കുംഭേശകർക്കരി പൂജ, അഗ്നിജനനം പരികലശപൂജ, നടയ്ക്കൽ ഉച്ചപൂജ, വൈകീട്ട് അധിവാസഹോമം വിഹരിച്ച്, കലശാധിവാസം, വലിയ ബലിക്കല്ല് അധിവാസ അത്താഴപൂജ

## പതിനൊന്നാം ദിവസം (30.04.2023) മേടം 16 ഞായർ

അധിവാസം വിടർത്തിപൂജ, 4.30ന് നടതുറക്കൽ, കണിദർശനം, എണ്ണകലശാഭിഷേകം, ഹോമകലശം, അഭിഷേക ങ്ങൾ, മരപാണി, തത്വകലശാഭിഷേകം, വലിയബലിക്കല്ല് പ്രതിഷ്ഠ, പരികലശാഭിഷേകം, മരപാണി, ബ്രഹ്മൻ, കുംഭേശൻ എഴുന്നള്ളിക്കൽ, കുംഭേശകലശാഭിഷേകം, ബ്രഹ്മകലശാഭിഷേകം, ഉച്ചപൂജ, അവസ്രാവപ്രോ ക്ഷണം, ശ്രീഭൂതബലി.

## തുടർന്ന് പ്രസാദ ഊട്ട്

കർപ്പൂരാദി

# നവീകരണ കലശം

1198 മേടമാസം 6 വ്യാഴം മുതൽ 16 ഞായർ കൂടി
(2023 ഏപ്രിൽ 20 മുതൽ 30 കൂടി)

## കലശ ആഘോഷ കമ്മിറ്റി

**ക്ഷേത്രം ട്രസ്റ്റി**
ഊമമ്പിള്ളി മന, കടലാശ്ശേരി
ക്ഷേത്രം തന്ത്രം: എളങ്ങള്ളൂർ മന

**ജന: കൺവീനർ**
ശ്രീ ഇ. വി. കൃഷ്ണൻ നമ്പൂതിരി
ശ്രീ ഇ. പി. നാരായണൻ നമ്പൂതിരി
ശ്രീ ഇ. എസ്. കൃഷ്ണദാസ് നമ്പൂതിരി

**ക്ഷേത്രകാര്യം :** ( സി. ദേവദാസ്
മാതൃസമിതി, സി. രാധാകൃഷ്ണൻ

**ഫിനാൻസ് :** സി. വിശ്വനാഥൻ
പി. കൃഷ്ണകുമാർ
കെ. ആർ. വിനയൻ, കെ. ചന്ദ്രൻ

**അലങ്കാരം :** പി. എൻ. പ്രകാശൻ
സി. രാധാകൃഷ്ണൻ, കെ. രാഘവൻ

**സ്റ്റേജ് :** കെ. ബി. മോഹനൻ
ടി. എം. മധു, ടി. എൻ. ധനേഷ്
പി. ആർ. രജീഷ്

**പബ്ലിസിറ്റി:** ടി. എൻ. നിഷാന്ത്
ടി. എൻ ധനേഷ്, രാംകുമാർ
എം. കൃഷ്ണകുമാർ

**താമസം :** സി. ഉണ്ണികൃഷ്ണൻ
പി. ആർ. രജീഷ്, എം. ഗോപിനാഥൻ
ടി. വി. ജയപ്രകാശ്

**വളണ്ടിയർ :** സുധാകരൻ നായർ
കെ. രാമകൃഷ്ണൻ, സി. മുരളി
മാതൃസമിതി

**ഭക്ഷണം :** കെ. സുനിൽകുമാർ
പി. വേണുഗോപാൽ
സംഗീത് രാജൻ, കെ. കണ്ണൻ

**ശുചീകരണം:** മാതൃസമിതി
എം. ഗോപിനാഥൻ
സഹായികൾ



ശ്രീ മഹാദേവ ക്ഷേത്രം, തലോർ

കർപ്പൂരാദി

# നവീകരണ കലശം

1198 മേടമാസം 6 വ്യാഴം മുതൽ 16 ഞായർ കൂടി
(2023 ഏപ്രിൽ 20 മുതൽ 30 കൂടി)

## കലാപരിപാടികൾ

**രണ്ടാം ദിവസം : 21.04.2023 വെള്ളി**

വൈകിട്ട് 7ന് –**ഭക്തിപ്രഭാഷണം**
പ്രൊഫ. ടി.കെ. പരശുരാമൻ

**മൂന്നാം ദിവസം : 22.04.23 ശനി**

വൈകിട്ട് 7 ന് –**സംഗീതകച്ചേരി**
ശ്രീമതി ശരണ്യ ശ്രീനാഥ് & പാർട്ടി
**മോഹിനിയാട്ടം**
ശ്രീമതി സ്വാതി സുനിൽകുമാർ

**നാലാം ദിവസം : 23.04.23 ഞായർ**

വൈകിട്ട് 7 ന് –**ഡബ്ബിൾ തായമ്പക**
കലാമണ്ഡലം
രതീഷ് & കലാനിലയം സനീഷ്

**അഞ്ചാം ദിവസം : 24.04.23 തിങ്കൾ**

വൈകിട്ട് 7ന് **സംഗീതാർച്ചന**
ശ്രീമതി ജിനിത & പാർട്ടി

**എട്ടാം ദിവസം : 27.04.23 വ്യാഴം**

വൈകീട്ട് 7ന് –**സോപാന സംഗീതം**
തൃക്കൂർ കൈലാസ് എം. മാരാർ

**ഒമ്പതാം ദിവസം : 28.04.23 വെള്ളി**

വൈകിട്ട് 7ന് –**കഥകളി** (കുചേലവൃത്തം)
കലാമണ്ഡലം റിട്ട.പ്രിൻസിപ്പൽ
രാജശേഖരനാശാനും സംഘവും

**പത്താം ദിവസം : 29.04.23 ശനി**

വൈകിട്ട് 7ന് –**തോൽപാവക്കൂത്ത്**
കൃഷ്ണൻകുട്ടി പുലവർ സ്മാരക
തോൽപ്പാവക്കൂത്ത് കലാകേന്ദ്രം ഷൊർണ്ണൂർ

